## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.437 03.03.2020-ൽ മറുപടിക്ക്**

**നികുതി പിരിവ് കുറയുന്നതിന് പരിഹാരം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.പി.ജെ.ജോസഫ്<br>ശ്രീ.സി.എഫ്.തോമസ് | | ഡോ. ടി.എം. തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | നികുതി പിരിവ് കുറയുന്നതിന് കാരണം ചെക്ക് പോസ്റ്റുകൾ ഇല്ലാത്തതാണെന്ന പരാതിക്ക് പരിഹാരം കണ്ടെത്തുമോ; | (എ) | കേരളം ഒരു ഉപഭോക്തൃസംസ്ഥാനം ആയതിനാൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നാണ് കേരളത്തിൽ വിപണനത്തിനായി ചരക്കുകൾ കൊണ്ടുവരുന്നത്. ചരക്കുസേവന നികുതി നിയമം നടപ്പിലാകുന്നതിനു മുൻപ് അതിർത്തി കടന്ന് വരുന്ന ചരക്കുകളുടെ വിവരങ്ങൾ ഇ-ഡിക്ലറേഷൻ സംവിധാനം വഴി അറിയിച്ച് ആയത് ചെക്ക് പോസ്റ്റിൽ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി നികുതി ചോർച്ച തടഞ്ഞുവന്നിരുന്നു. എന്നാൽ ചരക്കുസേവന നികുതി നിയമം നിലവിൽ വന്നത് മുതൽ സംസ്ഥാനത്തുടനീളം കേരള പൊതു വിൽപന നികുതി/വാണിജ്യ നികുതി നിയമപ്രകാരം നിലവിലുണ്ടായിരുന്ന ചെക്ക്പോസ്റ്റുകൾ നിർത്തലാക്കുകയുണ്ടായി. തന്മൂലം അതിർത്തി കടന്ന് വരുന്ന എല്ലാ ചരക്ക് വാഹനങ്ങൾക്കും പരിശോധന കൂടാതെ തന്നെ കേരളത്തിലേയ്ക്ക് ചരക്കുകൾ കൊണ്ടുവരാമെന്നായി. ഇത് നികുതിചോർച്ചയ്ക്ക് കാരണമായി. ഇ-വേ ബിൽ സംവിധാനം നടപ്പിലാക്കുവാനുള്ള കാലതാമസവും 50,000 രൂപയ്ക്ക്മേൽ മൂല്യമുള്ള ചരക്കുകൾക്ക് മാത്രമായി ഇ-വേ ബിൽ നിഷ്കർഷിച്ചതും നികുതി വെട്ടിപ്പിന് അനുകൂല സാഹചര്യമൊരുക്കി. എന്നാൽ നിലവിലുണ്ടായിരുന്ന സ്ക്വാഡുകളുടെ എണ്ണം കൂട്ടി അതിർത്തി പ്രദേശങ്ങളിലുൾപ്പെടെ 24 മണിക്കൂറും പ്രവർത്തനസജ്ജമായ |

| | | | |
|---|---|---|---|
| | | | സ്ക്വാഡുകൾ വിന്യസിപ്പിച്ച് ഇത് ഒരു പരിധി വരെ തടയുവാൻ സാധിച്ചു. ഇപ്പോൾ ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം (ANPR) വഴി അതിർത്തി കടന്ന് വരുന്ന വാഹനങ്ങൾ കൂടുതൽ കാര്യക്ഷമമായി പരിശോധിക്കുന്നതിനുള്ള നടപടികൾ വാളയാർ ചെക്ക്പോസ്റ്റിൽ പരിശോധിച്ച വിജയത്തിന്റെ അടിസ്ഥാനത്തിൽ പ്രധാനപ്പെട്ട 23 ചെക്ക്പോസ്റ്റുകളിൽ കൂടി ഈ സംവിധാനം നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചു. ഇപ്രകാരമുള്ള നടപടികളിലൂടെ നികുതി ചോർച്ച തടഞ്ഞ് നികുതിവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ചെക്ക് പോസ്റ്റുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ടോ; വലിയ ലാഭവും ചെറിയ ഇൻപുട്ട് ടാക്സ് ക്രഡിറ്റുമുള്ള ഉൽപ്പന്നങ്ങൾ രേഖകളില്ലാതെ കടത്തിക്കൊണ്ട് വരുന്നത് തടയുന്നതിന് നികുതി വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | വാളയാർ ചെക്ക്പോസ്റ്റിൽ പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിച്ചു. ഇതു വിജയകരമായതിനാൽ അതിർത്തി മേഖലയിലെ പ്രധാനപ്പെട്ട 23 ചെക്ക്പോസ്റ്റുകളിൽ കൂടി ANPR ക്യാമറ സംവിധാനം നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചു. വലിയ ലാഭവും ചെറിയ ഇൻപുട്ട് ടാക്സ് ക്രഡിറ്റുമുള്ള ഉൽപന്നങ്ങൾ രേഖയില്ലാതെ കടത്തിവരുന്നത് തടയുവാനും ബില്ലിൽ ചരക്കിന്റെ അളവിൽ കുറച്ച് കാണിച്ചും ബില്ലിൽ രേഖപ്പെടുത്താത്ത സാധനങ്ങൾ കടത്തുന്ന തട്ടിപ്പും മറ്റും പിടികൂടുന്നതിനും അതിർത്തി പ്രദേശങ്ങളിലുൾപ്പെടെ ഇന്റലിജൻസ് സ്ക്വാഡുകളെ വിന്യസിപ്പിച്ചിട്ടുണ്ട്. |
| (സി) | ബില്ലിൽ ചരക്കിന്റെ അളവ് കുറച്ച് കാണിച്ചും ബില്ലിൽ രേഖപ്പെടുത്താത്ത സാധനങ്ങൾ കടത്തുന്ന തട്ടിപ്പും മറ്റും പിടികൂടുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (സി) | ജി.എസ്.ടി. നിയമപ്രകാരം 50,000 രൂപയ്ക്കുമേൽ മൂല്യമുള്ള ചരക്കുകൾക്ക് ഇ-വേ ബിൽ നിർബന്ധമാണ്. അതിർത്തി മേഖലകളിൽ ചരക്ക വാഹന പരിശോധനയ്ക്കുവേണ്ടി ഇന്റലിജൻസ് സ്ക്വാഡുകളെ വിന്യസിച്ചിട്ടുണ്ട്. ഇവർ വാഹന പരിശോധന വേളയിൽ വാഹനത്തിലുള്ള ചരക്കുകളും അവയുടെ രേഖകളും വിശദമായി |

| | | | |
|---|---|---|---|
| | | | പരിശോധിച്ച് നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടയുന്നു. പരിശോധനയിൽ നികുതി വെട്ടിപ്പ് ബോധ്യമാകുന്ന കേസുകളിൽ നികുതിയ്ക്ക് പിഴയും ഈടാക്കുന്നു. |

സെക്ഷൻ ഓഫീസർ.